സുഹൃത്തുക്കളേ,

ചെങ്ങറ ഭൂസമരവും അങ്ങനെയൊരു സമരം നടക്കാൻ ഇടയാക്കിയ സാഹചര്യവും അതിനോട് സർക്കാർ പുലർത്തുന്ന മനോഭാവവുമാണ് ഇപ്പോൾ നമ്മുടെ മുമ്പിലുള്ള അടിയന്തിരമായ ഒരു പ്രശ്നം. നമുക്കിപ്പോൾ അറിയാവുന്ന, പുറത്തുവന്നിരിക്കുന്ന വിവരങ്ങളനുസരിച്ച് ഏതാണ്ട് ഏഴായിരത്തിലധികം കുടുംബങ്ങൾ കഴിഞ്ഞ ഏഴുമാസക്കാലമായി ചെങ്ങറയിൽ കുടിലുകെട്ടി താമസിച്ചുവരികയാണ്. നാളിതുവരെ സർക്കാരിന്റെ ഭാഗത്തുനിന്ന് ഔദ്യോഗികമായി ഈ സമരക്കാരെ വിളിച്ച് എന്താണ് നിങ്ങളുടെ ആവശ്യം എന്നു ചോദിക്കുകയോ ആ നിലയ്ക്ക് ജനാധിപത്യപരമായ ഒരു ചർച്ചയ്ക്ക് തയ്യാറാവുകയോ ചെയ്തിട്ടില്ല. 2007 ആഗസ്റ്റ് 4ന് ഏതാണ്ട് 300 കുടുംബങ്ങളാണ് ഹാരിസൺ കൈവശം വച്ചിരിക്കുന്ന ചെങ്ങറ എസ്റ്റേറ്റിൽ കയറി താമസം ആരംഭിക്കുന്നത്. പിന്നീട് കാര്യമായ സംഘാടകത്വമൊന്നും ആ കാര്യത്തിൽ നടന്നിട്ടില്ല. എന്നു പറഞ്ഞാൽ സമരത്തിനു നേതൃത്വം കൊടുക്കുന്ന സാധുജന വിമോചന സംയുക്തവേദി കേരളംമുഴുവൻ നടന്ന് ഭൂരഹിതരെ ക്ഷണിച്ചുകൊണ്ടുവന്നൊന്നുമല്ല സമരം വികസിച്ചത്. മറിച്ച് മുന്നൂറുപേർ ആരംഭിച്ച ഈ സമരം ശക്തിപ്പെടുകയും ആദ്യത്തെ ഒരു ക്രൈസിസിനെ – ക്രൈസിസ് എന്നു പറഞ്ഞാൽ ചെങ്ങറ തോട്ടത്തിലെ തൊഴിലാളികൾ CITU, ANTUC, AITUC തുടങ്ങിയ എല്ലാ ട്രേഡ് യൂണിയനുകളുടെയും കീഴിലുള്ള സംഘടിതരായ തൊഴിലാളികൾ, ഇവരെ ആക്രമിച്ചത് – ആ ആക്രമണത്തെ അതിജീവിച്ച സമരഭൂമി എന്നനിലയിൽ ഭൂമിയില്ലാത്തവർ വളരെ സ്വാഭാവികമായും അങ്ങോട്ടെത്തിച്ചേരുകയായിരുന്നു. അങ്ങനെ രണ്ടുമാസം പിന്നിട്ടപ്പോൾ ഈ മുന്നൂറു കുടുംബം എന്നത് ഏഴായിരത്തോളം കുടുംബമായി മാറുകയുണ്ടായി. വരുന്നവരെല്ലാംതന്നെ ചെറിയ കുടിലുകൾകെട്ടി അവിടെ താമസിച്ചുവരികയാണ്. ഏതാണ്ട് ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, കോട്ടയം, ഇടുക്കി, തിരുവനന്തപുരം, കാസർകോട് നിന്നടക്കം ജനങ്ങൾ, ഭൂമിയില്ലാത്തവർ തെരുവുകളിൽ താമസിക്കുന്നവർ, ചെറിയ ചെറിയ ലയങ്ങളിൽ വാടകയ്ക്ക് താമസിക്കുന്നവർ ഇങ്ങനെയുള്ളൊരു വലിയ വിഭാഗമാണ് ഈ ഏഴായിരം കുടുംബം എന്നനിലയ്ക്ക് അവിടെ എത്തിച്ചേർന്നത്. ഇവർ അവിടെ കുടിൽകെട്ടി താമസിച്ച് 24 മണിക്കൂറും മുദ്രാവാക്യംവിളിച്ച് അവിടെയിരിക്കുകയല്ല ചെയ്യുന്നത്. ഭാര്യയും ഭർത്താവും കുട്ടിയും വരുന്നു. ഭർത്താവ് പണിക്കുപോകുന്നു. ഈ തോട്ടത്തിനു വെളിയിൽ ഒരുപക്ഷേ സ്വന്തം നാട്ടിൽപോയി മൂന്നോ നാലോ അഞ്ചോ ദിവസം കൂലിപ്പണിയെടുത്ത് ആ പണവുമായി തിരിച്ചുവരുന്നു. പിറ്റേയാഴ്ച ഒരുപക്ഷേ ഭാര്യയായിരിക്കും പണിക്കുപോകുന്നത്. ഇങ്ങനെ അവിടെയുള്ള ഏഴായിരം കുടുംബങ്ങളും നിലനില്ക്കുന്നത് സ്വന്തം അദ്ധ്വാനത്തിനുപുറത്താണ്. ഇത് ഞാൻ എടുത്തുപറയാൻ കാരണം ഇത്രയും വലിയ ഒരു സമരം വിദേശത്തുനിന്നും സ്വദേശത്തുനിന്നും കോടിക്കണക്കിനു രൂപ കിട്ടിയെങ്കിലേ നടക്കൂ എന്നൊരു ധാരണയുണ്ട്. ഇവിടുത്തെ രാഷ്ട്രീയപ്രവർത്തകരുടെ പാരമ്പര്യത്തിൽനിന്നാലോചിക്കുമ്പോൾ അങ്ങനെയേ നടക്കൂ. എന്നാൽ അതിൽനിന്നൊക്കെ ഭിന്നമായ ഒരു ധാർമ്മികത ഈ സമരത്തിനുണ്ടെന്നാണ് ഈ സംഭവം തെളിയിക്കുന്നത്. അവിടെ വരുന്നവരെ പണംകൊടുത്തും ആഹാരം കൊടുത്തും അവിടെ നിലനിർത്തുന്ന ഒരു സമരസമിതിയല്ല അവിടെയുള്ളത്. മറിച്ച് അവിടെ ജീവിക്കുന്ന ഓരോ ആളും സ്വന്തം അദ്ധ്വാനത്താൽ സമ്പാദിച്ചുകൊണ്ടാണ് ഈ ഏഴരമാസവും അവിടെ ജീവിച്ചത്.

രണ്ടാമതൊരുകാര്യം, ഈ ഏഴായിരം കുടുംബങ്ങളിൽ ഏതാണ്ടെല്ലാ ജാതിമതസ്ഥരും ഉൾപ്പെടുന്നു. എനിക്കു തോന്നുന്നു നമ്പൂതിരിമാർ ആ കൂട്ടത്തിൽ ഇല്ലെന്ന്. നായന്മാരുണ്ട്, സുറിയാനി ക്രിസ്ത്യാനികളുണ്ട്, മുസ്ലീങ്ങൾ, പട്ടികജാതിക്കാർ, ദളിത് ക്രൈസ്തവർ, ആദിവാസികൾ എന്നിങ്ങനെ എല്ലാവിഭാഗക്കാരുമുണ്ട്. ഇങ്ങനെ എല്ലാവരുമുണ്ടെങ്കിലും ഇവരിൽ 90 ശതമാനത്തോളം ദളിതരും ആദിവാസികളുമാണ്. പട്ടികജാതി പട്ടികവർഗ്ഗങ്ങൾ കഴിഞ്ഞാൽ ഏറ്റവുമധികം എത്തിയിട്ടുള്ളത് മുസ്ലീങ്ങളാണെന്നതാണ് ചെങ്ങറയ്ക്കകത്തെ അനുഭവം. മാത്രമല്ല, കൊല്ലംജില്ലയിലെയും മറ്റും ഭൂരഹിതരുടെ കോളനികൾ സന്ദർശിച്ച ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് തെരുവോരങ്ങളിൽ താമസിക്കുന്നവരിൽ പട്ടികജാതിക്കാർ കഴിഞ്ഞാൽ ഏറ്റവുമധികമുള്ളത് മുസ്ലീങ്ങളാണെന്നാണ്. ഇത് നമ്മളുടെ നേരിട്ടുള്ള അനുഭവമാണ്. പുനലൂർഭാഗത്ത് റോഡിന് ഇരുവശവും കിലോമീറ്ററുകളോളം ദൂരത്തിൽ ഭൂരഹിതർ താമസിക്കുന്നുണ്ട്. ഇവരിൽ മുസ്ലീങ്ങളാണധികം. എന്നാൽ ചെങ്ങറയിൽ വന്നവരിൽ 90 ശതമാനത്തോളം ദളിതരും ദളിത് ക്രൈസ്തവരും ആദിവാസികളുമാണ്. സത്യത്തിൽ കേരളത്തിലെ ഭൂരഹിതരുടെ സാമ്പിളാണത്. കേരളത്തിലെ മൊത്തം ഭൂരഹിതരുടെ കണക്കെടുത്താൽ അതിൽ 85 ശതമാനത്തോളം ദളിതരാണെന്ന് സാമ്പിൾ സർവ്വെയിലൂടെ കണ്ടെത്തിയിട്ടുണ്ട്. ഇതിന് വിശ്വസനീയമായ തെളിവുകളുണ്ട്. അതുകൊണ്ട് കേരളത്തിൽ എവിടെ ഭൂസമരം നടന്നാലും അതിന്റെ സിംഹഭാഗവും ദളിതരും ആദിവാസികളുമായിരിക്കും. ഇതുതന്നെയാണ് ചെങ്ങറയിലും സംഭവിക്കുന്നത്.

ചെങ്ങറ ഇന്ന് കേരളത്തിൽ ഉയർന്നുവന്നിട്ടുള്ള ഒരു പ്രധാന ഭൂസമരമാണ്. ഒരു പത്തുവർഷംമുമ്പ് ഇത്തരമൊരു സമരം ഭാവനചെയ്യാൻ സാധിക്കുകയില്ലായിരുന്നു. പത്തുവർഷത്തിനുമുമ്പ് നമ്മളെല്ലാവരും വിചാരിച്ചിരുന്നത് കേരളത്തിൽ ഇനി ഭൂസമരത്തിനൊന്നും സ്കോപ്പില്ല. കേരളത്തിൽ ഇനി വിതരണംചെയ്യാൻ ഭൂമിയില്ല. ന്യായമായി വിതരണം ചെയ്യാവുന്ന ഭൂമിയെല്ലാം വിതരണംചെയ്തു കഴിഞ്ഞുവെന്നാണ് നമ്മൾ സാമൂഹ്യപ്രവർത്തകർപോലും വിചാരിച്ചിരുന്നത്. ഈ ധാരണയെ മറികടന്ന്, കേരളത്തിൽ വിതരണം ചെയ്യാൻ കൃഷിയോഗ്യമായ ഭൂമി ഇനിയുമുണ്ടെന്ന് മനസ്സിലാക്കിത്തന്നത് ആദിവാസി ഭൂസമരങ്ങളാണ്. നീണ്ട നാല്പത്തിയെട്ടുദിവസമാണ് ആദിവാസികൾ നമ്മൾ ഇപ്പോൾ ഇരിക്കുന്ന ഈ സെക്രട്ടറിയറ്റിനുമുമ്പിലും മുഖ്യമന്ത്രിയുടെ വീടിനുമുമ്പിലും കുടിൽകെട്ടി സമരം ചെയ്തത്. 48–ാം ദിവസമാണ് സർക്കാരുമായി ഒരു എഗ്രിമെന്റുണ്ടാകുന്നത്. അന്ന് കൃഷിയോഗ്യമായ ഭൂമി വേണമെന്ന ആവശ്യവുമായി നൂറുകണക്കിന് ആദിവാസികൾ ഈ നഗരത്തിൽ താമസിച്ചപ്പോൾ ഭരണ–പ്രതിപക്ഷഭേദമില്ലാതെ രാഷ്ട്രീയനേതാക്കൾ പറഞ്ഞ ഒരു

കാര്യം സി.കെ. ജാനുവിനും സംഘത്തിനും ലക്ഷക്കണക്കിനു രൂപ വിദേശഫണ്ട് കിട്ടുന്നുണ്ടെന്നാണ്. സ്വാഭാവികമായും ഒരു രാഷ്ട്രീയപാർട്ടിക്ക് അങ്ങനെയേ ആലോചിക്കാൻ പറ്റൂ. എത്രകോടിയുടെ ആസ്തിയുള്ള പാർട്ടിയായാലും 500പേരെ ഈ നഗരത്തിൽ 48ദിവസം താമസിപ്പിക്കാൻവേണ്ട ധാർമ്മികയില്ലാത്ത പാർട്ടികളാണത്. അങ്ങനെ താമസിപ്പിക്കുന്നെങ്കിൽ അത് അവർക്ക് ചെല്ലും ചെലവും കൊടുത്തേ സാധിക്കൂ. പക്ഷേ അന്നത്തെ ആദിവാസി സമരത്തിൽ, അതിന്റെ സംഘാടകവൃത്തിയിൽ പ്രധാനമായി ഇടപെട്ട ഒരാളെന്ന നിലയിൽ എനിക്ക് പറയാൻ കഴിയും ഈ നഗരത്തിലെ കോളനികളാണ് ആ സമരത്തെ നിലനിറുത്തിയത്. ഈ നഗരത്തിനകത്തെ നൂറുകണക്കിന് ദളിത് കോളനികളിൽനിന്നാണ് ചാക്കുകണക്കിന് അരി ഇവിടുത്തെ പാചകപ്പുരയിൽ എത്തിക്കൊണ്ടിരുന്നത്. അതിനുവേണ്ടി ഒരു ജീപ്പ് അവിടെ ചെല്ലുന്നു. അവിടെ കാര്യങ്ങൾ പറയുന്നു. ഓരോ വിട്ടിൽനിന്നും നാഴിയരി, ഇരുന്നാഴിയരിവീതം പിടിയരിയിട്ട് ചാക്കുകണക്കിന് അരി സമരപ്പന്തലിൽ എത്തുന്നുണ്ടായിരുന്നു. 48–ാം ദിവസം സമരംകഴിഞ്ഞു പിരിഞ്ഞപ്പോൾ 20 ചാക്ക് അരിയാണ് മിച്ചംവന്നത്. ഇത് ഞാൻ പറയാൻ കാരണം അന്നും രാഷ്ട്രീയക്കാർ പറഞ്ഞത് സമരത്തിന് വിദേശധനസഹായം ഉണ്ടെന്നാണ്. ഞാൻ പറയാനാഗ്രഹിച്ചത്, ആ സമരമാണ് കേരളത്തിൽ വിതരണയോഗ്യമായ ഭൂമിയുണ്ടെന്നും അത് വിതരണം ചെയ്യാവുന്നതാണെന്നും കേരളത്തെ പഠിപ്പിച്ചത്.

ഈ സമരത്തിന്റെ പശ്ചാത്തലത്തിലാണ് ഭൂമിയില്ലാത്ത ഇതരസമുദായങ്ങൾ ചെങ്ങറയിൽ ഭൂസമരത്തിലേക്കു വരുന്നത്. അങ്ങനെ വരുന്നവരിൽ ബഹുഭൂരിപക്ഷവും ദലിതരും ആദിവാസികളുമാകുന്നതാണ് ചരിത്രപരമായി പരിശോധിക്കപ്പെടേണ്ട കാര്യം. ഈ സമരത്തെ കേവലം ഭൂരഹിതരുടെ സമരമാണ്, ഭൂമിയില്ലാത്തവർ ഒറ്റക്കെട്ടായി ചെയ്യുന്ന സമരമാണ് എന്ന മട്ടിൽമാത്രം മനസ്സിലാക്കാൻ കഴിയില്ല. കാരണം കേരളത്തിൽ നടപ്പിലാക്കിയ ഭൂപരിഷ്കരണത്തിൽ ഭൂമി ലഭിക്കാതെപോയവരാണ് ഇന്ന് സമരരംഗത്തേക്കു വന്നുകൊണ്ടിരിക്കുന്നത്. ഈ ഭൂപരിഷ്കരണത്തെക്കുറിച്ച് നാം എന്തെല്ലാം ആദർശവാദങ്ങൾ പറഞ്ഞാലും ഇത് കേരളത്തിലെ ചില സാമൂഹ്യവിഭാഗങ്ങൾക്ക് ഭൂമി കൊടുക്കുന്നതിൽ പരാജയപ്പെട്ടുവെന്ന് തെളിയക്കപ്പെട്ടിട്ടുണ്ട്. അതായത് 1957ലെ സർക്കാർ മുന്നോട്ടുകൊണ്ടുവരികയും 1970 ജനുവരി 1ന് നടപ്പിലാക്കപ്പെടുകയും ചെയ്ത ഭൂനിയമത്തിലെ വ്യവസ്ഥയെന്നു പറയുന്നത് ഒരു കുടുംബത്തിനു കൈവശം വയ്ക്കാവുന്ന ഭൂമിക്ക് പരിധി നിശ്ചയിക്കുകയും ബാക്കിയുള്ളഭൂമി മിച്ചഭൂമിയായി ഏറ്റെടുക്കുകയും അത് ഭൂരഹിതർക്ക് വിതരണം ചെയ്യുകയും ചെയ്യുക എന്നതായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഭൂമിയുടെ പരിധിനിശ്ചയിച്ചുകഴിഞ്ഞപ്പോൾ പരിധി നിശ്ചയിക്കാൻപാടില്ലാത്ത ഭൂമിയായി തോട്ടംമേഖലയെ ഒഴിവാക്കി. തോട്ടംമേഖലയെ ഒഴിവാക്കിയശേഷം ഈ പടിഞ്ഞാറൻ മേഖലയിലുള്ള കുറച്ച് നെൽവയലുകളും അതോടൊപ്പംതന്നെ ഈ ഇടനാട്ടിലുണ്ടായിരുന്ന കുറച്ച് ഭൂമിയും നിലമ്പൂരിലെ രാജാവിന്റെ കൈവശമുണ്ടായിരുന്ന കുറച്ചു തരിശുനിലങ്ങളുമാണ് യഥാർത്ഥത്തിൽ വിതരണംചെയ്യാൻ കഴിഞ്ഞതെന്ന് നമ്മൾ അറിയേണ്ടതുണ്ട്. ഭൂമി പാട്ടത്തിനെടുത്ത് കൈവശംവച്ചു കൃഷിചെയ്യുന്നവർക്ക് ആ ഭൂമിയുടെമേൽ നിയമപരമായി അധികാരം നല്കുന്ന ഒരു നിയമമാണ് ഈ എഴുപതിൽ കേരളത്തിൽ നടപ്പിലാക്കിയ ഏറ്റവും പ്രസിദ്ധമായ ഭൂപരിഷ്കരണം എന്നുപറയുന്നത്. കേരളത്തിലെ പരമ്പരാഗതമായ ജാതിബന്ധങ്ങൾക്കകത്ത്, ഒരിക്കൽപോലും വാരക്കാരനാകാതെപോയ ദളിതർ, പാട്ടക്കാരനാകാതെപോയ ആദിവാസി... ഇവർക്കൊന്നും ഈ നിയമത്തിന്റെ പരിരക്ഷ ലഭിക്കുമായിരുന്നില്ല. അങ്ങനെ കേരളത്തിലെ ലക്ഷക്കണക്കിനു മനുഷ്യർ ഈ ഭൂപരിഷ്കരണ നിയമത്തിനു വെളിയിൽ ജീവിക്കേണ്ടിവന്നുവെന്നതാണ് കേരളത്തിന്റെ ചരിത്രം. അങ്ങനെ മിച്ചംവന്ന ഈ ജനത്തിനുവേണ്ടിയാണ് കേരളത്തിൽ കുടികിടപ്പുനിയമം പാസ്സാക്കുന്നത്.

നാം കൃത്യമായും അറിയേണ്ട ഒരു വിവരം കേരളത്തിലെ ഭൂപരിഷ്കരണത്തിൽ 25ലക്ഷം കുടുംബങ്ങൾക്ക് ഭൂമി ലഭ്യമായി എന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. കുടികിടപ്പുനിയമപ്രകാരം അഞ്ചുലക്ഷം കുടുംബങ്ങൾക്കാണ് ഭൂമി കിട്ടിയിരിക്കുന്നത്. ഈ അഞ്ചുലക്ഷത്തിൽ നാലേമുക്കാലും ദളിതരാണ്, ആദിവാസികളാണ്. ഈ നിയമം വയനാട്ടിൽ നടപ്പിലാക്കിയ അവിടുത്തെ ഉദ്യോഗസ്ഥർ വ്യാഖ്യാനിച്ചപ്പോൾ ആദിവാസി ജന്മിയാവുകയും കുടിയേറ്റക്കാരൻ ഭൂമി പാട്ടത്തിനെടുത്തവനും ആയി! മാത്രവുമല്ല കുടികിടപ്പ് നിയമപ്രകാരം പത്തുസെന്റ് ഒരാൾക്ക് കിട്ടണമെങ്കിൽ അയാൾ 1968 മുതൽ അവിടെ താമസക്കാരനായിരിക്കണം എന്ന് വ്യവസ്ഥയുണ്ടായിരുന്നു. ഈ വിദ്വാന്മാർ നിങ്ങൾ നല്ലഭൂമിയിൽ താമസിച്ചാൽ നിയമം വരുമ്പോൾ ആ ഭൂമി നിങ്ങൾക്ക് കിട്ടും എന്നുപറഞ്ഞ് ആദിവാസികളെ അവർ പതിറ്റാണ്ടുകളായി താമസിക്കുന്നിടത്തുനിന്നും മാറ്റി താമസിപ്പിച്ചു. നിയമം നടപ്പിലാക്കിയപ്പോൾ ആദിവാസികൾ അവിടെ താമസിച്ചുതുടങ്ങിയത് 1970ലാണെന്ന് തെളിവുകൊടുത്തുകൊണ്ട് അവരെ അവിടെനിന്നും പുറത്താക്കിയരീതി വിചിത്രമാണ്. ഇങ്ങനെ ഒട്ടനവധി വിക്രസുകൾ, തട്ടിപ്പുകൾ ഭൂപരിഷ്കരണത്തിന്റെ ഭാഗമായി നടന്നു. 1986ൽ സർക്കാർ കണക്കാക്കിയത് ഭൂപരിഷ്കരണം നടപ്പിലാക്കിയാൽ എട്ടേമുക്കാൽലക്ഷം ഏക്കർ മിച്ചഭൂമി ഏറ്റെടുക്കാനുണ്ടാകുമെന്നായിരുന്നു. എന്നിട്ടിന്നുവരെ സർക്കാരിന് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടുള്ളത് 12400 ഏക്കർ ഭൂമി മാത്രമാണ്. ബാക്കി ഏഴുലക്ഷത്തിൽപരം ഏക്കർ ഭൂമിയും വിവിധ തട്ടിപ്പുകളിലൂടെ തട്ടിയെടുത്തു. ട്രസ്റ്റുകളെ ഭൂപരിധിയിൽനിന്ന് ഒഴിവാക്കിയിരുന്നു. രായ്ക്കുരാമാനം നൂറുകണക്കിന് ട്രസ്റ്റുകളാണ് കേരളത്തിൽ ഉണ്ടായത്. അങ്ങനെ ട്രസ്റ്റുകളുണ്ടാക്കിയും വ്യാജപേരിൽ ആധാരം ഉണ്ടാക്കിയും ഈ ഭൂമി തട്ടിയെടുക്കുകയായിരുന്നു. ഈ ഒന്നേകാൽ ലക്ഷം ഏക്കർ ഭൂമി കിട്ടിയിട്ട് അതിൽ തൊണ്ണൂറായിരം ഏക്കർ ഭൂമിയാണ് സർക്കാരിന് നാളിതുവരെ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. ഇതാണ് കേരളത്തിലെ ഭൂവിതരണത്തിന്റെ സ്ഥിതിവിശേഷം. പരമ്പരാഗത ജാതിഘടനയ്ക്കകത്ത് വാരക്കരനോ പാട്ടക്കാരനോ ആകാൻ കഴിയാഞ്ഞ ദളിതരും ആദിവാസികളും മത്സ്യത്തൊഴിലാളികളും അടക്കമുള്ളവർക്ക് ഭൂപരിഷ്കരണത്തിന്റെ ഫലമായി ഒരുസെന്റ് ഭൂമിപോലും കിട്ടിയിട്ടില്ല.

ഈ ജനവിഭാഗത്തെ പുനരധിവസിക്കുന്നതിനുവേണ്ടിയാണ് കുടികിടപ്പു നിയമം പാസ്സാക്കുന്നത്. കുടികി

ടപ്പ് നിയമപ്രകാരം പഞ്ചായത്ത് ഏരിയയിൽ പത്തു സെന്റും മുനിസിപ്പൽ ഏരിയയിൽ അഞ്ചു സെന്റും കോർപ്പറേഷൻ ഏരിയയിൽ മൂന്നു സെന്റുമാണ് ഒരു കുടുംബത്തിന് അവകാശപ്പെട്ടത്. അങ്ങനെ ഭൂമി വിതരണം ചെയ്തിട്ടും ഒത്തിരി ആൾക്കാർ മിച്ചം വരുകയാണ്. കാരണം ലക്ഷക്കണക്കിന് ജനങ്ങളാണ് ഈ നിയമത്തിന്റെ പരിധിയിൽനിന്നും പുറംതള്ളപ്പെട്ടത്. ഈ ജനവിഭാഗങ്ങൾക്കുവേണ്ടിയാണ് 1972ൽ ലക്ഷംവീട് പദ്ധതി പ്രഖ്യാപിക്കുന്നത്. 70ൽ വിപ്ലവകരമായ ഒരു ഭൂനിയമം കേരളത്തിൽ നടപ്പിലാകുന്നു. 1972ൽ ലക്ഷംവീട് കോളനിയാണ് പ്രഖ്യാപിക്കുന്നത്! ഒരുലക്ഷം വീടുകൾ. നടുക്കൊരു ഭിത്തി. ഓരോ സൈഡിലും ഓരോ വീടുകൾ. അങ്ങനെ ഒരു കെട്ടിടത്തിൽ രണ്ട് വീടുകൾ. അഞ്ചുസെന്റ് ഒരു വീടിന്. ഇങ്ങനെ കണക്കാക്കി ഒരുലക്ഷം വീടുകളാണ് സർക്കാർ നിർമ്മിക്കാൻ മുന്നോട്ടുവന്നത്. സ്വാഭാവികമായും അന്നു നമ്മൾ വിചാരിച്ചത് കേരളത്തിലെ ജനങ്ങൾക്കു മുഴുവൻ വീടുണ്ടാക്കിക്കൊടുക്കുന്ന ഒരു പുരോഗമനപരമായ പദ്ധതിയാണതെന്നാണ്. യഥാർത്ഥത്തിൽ ഭൂപരിഷ്കരണം പുറന്തള്ളിയ ജനവിഭാഗങ്ങളെ അക്കൊമഡേറ്റ് ചെയ്യുന്നതിനാണ് ലക്ഷം വീട് പദ്ധതി നടപ്പിലാക്കിയത്. ലക്ഷംവീട് പദ്ധതി നടപ്പിലാക്കിയിട്ടും പിന്നെയും ജനം മിച്ചംവന്നു. ഇവർക്കുവേണ്ടിയാണ് കേരളത്തിൽ നൂറുകണക്കിന് ഹരിജൻ കോളനികൾ സ്ഥാപിച്ചത്. 1938ലണ് കേരളത്തിലാദ്യമായി ഒരു ഹരിജൻ കോളനിയുണ്ടാകുന്നത്. 1938ൽ ഒന്ന് എന്നാരംഭിച്ച അത് ഇന്ന് കേരളത്തിൽ 14 ജില്ലകളിലായി 12500ലധികം ദളിത് കോളനികളിൽ എത്തിനില്ക്കുന്നതായി SC/ST വകുപ്പുതന്നെ സമ്മതിക്കുന്നു. 4083 ആദിവാസി കോളനികളുണ്ടെന്ന് റവന്യൂ ഡിപ്പാർട്ടുമെന്റു പ്രഖ്യാപിച്ചിട്ടുണ്ട്. അങ്ങനെ ഔദ്യോഗികവും അനൗദ്യോഗികവുമായ 16000 – 20000 കോളനികളിലായി ലക്ഷക്കണക്കിന് മനുഷ്യരാണ് രണ്ടും മൂന്നും സെന്റിൽ ശ്വാസംമുട്ടി ജീവിക്കുന്നത്. ഇതിലൊന്നും പെടാതെ റോഡ്, തോട്, പുറമ്പോക്ക്. നമ്മൾ കേരളത്തിൽ അങ്ങോളമിങ്ങോളം സഞ്ചരിക്കുമ്പോൾ നമ്മൾക്കറിയാം കേരളത്തിലെ റോഡ്, തോട്, പുറമ്പോക്കുകളിൽ പതിനായിരക്കണക്കിന് ആളുകളാണ് കുടിലുകെട്ടി താമസിക്കുന്നത്. ഈ ജനവിഭാഗമാണ് ഇന്ന് ചെങ്ങറപോലൊരു സമരത്തിന്റെ കേന്ദ്രമായി മാറിയിരിക്കുന്നത്. അതുകൊണ്ട് ചരിത്രപരമായി ഭൂപരിഷ്കരണം പുറന്തള്ളിയ ജനവിഭാഗങ്ങളാണ് ഇന്ന് ഭൂമിയുടെമേലുള്ള അവകാശത്തിനായി രംഗത്തുവന്നിരിക്കുന്നത്. ഈ ചരിത്രപരിസരം ബോദ്ധ്യപ്പെടുത്തിക്കൊണ്ട് ഈ സമരത്തെ സമീപിച്ചാലേ സമരത്തിനെതിരെ സർക്കാർ ഇന്ന് സ്വീകരിക്കുന്ന നിഷേധാത്മക സമീപനത്തെ മനസ്സിലാക്കാൻ കഴിയുകയുള്ളു.

ഏഴരമാസമായിട്ട് ഈ വിഭാഗം സമരത്തിലേക്കു വന്നിട്ട് കേരളത്തിലെ ഒരു ജനാധിപത്യ ഗവണ്മെന്റ് ഒന്ന് വിളിച്ചുപോലും ചോദിച്ചില്ലെന്നത് നമ്മൾ വളരെ ഗൗരവമായി എടുക്കേണ്ടതാണ്. കാരണം എല്ലാക്കാലത്തും ഭൂമി വലിയ ഒരു പ്രശ്നംതന്നെയാണ്. കമ്പ്യൂട്ടർ യുഗത്തിൽ എന്തിനാണ് ഭൂമി എന്നു ചോദിച്ച ബുദ്ധിജീവികൾ അറിയേണ്ടത് ഇന്നും കേരളത്തിൽ ഒരാളുടെ പട്ടയപ്രശ്നമുണ്ടെങ്കിൽപോലും തീപടരും എന്നുള്ളതാണ്. അപ്പോൾ ഭൂമി വേണമെന്നുള്ളതൊക്കെ ഇവിടുത്തെ സംഘടിതവിഭാഗങ്ങൾക്ക് ഉറപ്പാണ്. കേരളത്തിലെ കുടിയേറ്റമേഖലയിൽ ഒരു പട്ടയപ്രശ്നമുണ്ടായാൽ ഭരണപ്രതിപക്ഷകക്ഷികൾ ഇടപെടും. തീപാറുന്ന പ്രശ്നമാകും അത്. അങ്ങനെ രാഷ്ട്രീയമായി പ്രബുദ്ധമായ കേരളത്തിൽ ഏഴായിരത്തിലധികം കുടുംബങ്ങൾ ഏഴരമാസമായി സമരംചെയ്തിട്ട് നിങ്ങൾ എന്തിനാണ് സമരം ചെയ്യുന്നതെന്ന് ചോദിക്കാനുള്ള ജനാധിപത്യപരമായ ധാർമ്മികത എന്തുകൊണ്ടാണ് കേരളം ഭരിക്കുന്നവർ കാണിക്കാത്തത്?

ഇവിടെ നമ്മൾ കാര്യങ്ങളെ കുറച്ചുകൂടി ആഴത്തിൽ കാണേണ്ടതുണ്ട്. ചിലർ സമരംചെയ്താൽമാത്രമേ കേരളത്തിന്റെ രാഷ്ട്രീയ മനസ്സ് ഇളകുകയുള്ളു എന്ന അനുഭവം നമ്മുടെ മുന്നിലുണ്ട്. അത് നമ്മൾ കാണാതിരുന്നുകൂടാ. കോഴിക്കോട് ജില്ലയിൽ ഒരു പ്രദേശത്ത് ഏതാണ്ട് ഇരുനൂറോളം കുടിയേറ്റ കുടുംബങ്ങൾ കുടിയേറുകയും ആ ഭൂമിയിൽ താമസിക്കുകയും ചെയ്തു. കേരള ഹൈക്കോടതി അവരെ അവിടെനിന്ന് ഇറക്കിവിടണമെന്ന് വളരെ വ്യക്തമായും ആവശ്യപ്പെട്ടിട്ട് വർഷങ്ങൾ കഴിഞ്ഞു. കേരള ഗവണ്മെന്റ് അവരെ ഇതുവരെ ഇറക്കിവിട്ടില്ലെന്നു മാത്രമല്ല ഒരു സ്പെഷൽ ഓർഡർ പ്രകാരം അവർക്കവിടെ ജീവിക്കാനാവശ്യമായ പ്രൊട്ടക്ഷൻ കൊടുക്കുകയാണ് ചെയ്തത്. അതിൽ ഒരു കാര്യമുണ്ട്. പാലായിൽനിന്ന് പള്ളി വിളിച്ചുപറഞ്ഞിട്ടാണ് ഈ ആളുകൾ അവിടെ കുടിയേറുന്നത്. അവർക്ക് പ്രൊട്ടക്ഷൻ കൊടുക്കുന്നതിൽ എൽ.ഡി എഫിനും യു.ഡി എഫിനും പ്രശ്നമില്ല. എന്നാൽ ഭൂരഹിതരായ ദളിതരും ആദിവാസികളും തെരുവിലുറങ്ങുന്നവരും നടത്തുന്ന സമരത്തോട് നീതിപൂർവ്വം പ്രതികരിക്കില്ലെന്നതാണ് സർക്കാർ നിലപാട്.

രണ്ടാമത്തെ അനുഭവം മുത്തങ്ങയാണ്. ഭൂമികൊടുക്കാമെന്നും ആദിവാസികളുടെ സ്വയംഭരണമെന്ന ഭരണഘടനാപരമായ വ്യവസ്ഥയ്ക്ക് കേന്ദ്രത്തിൽ ശുപാർശ നടത്താമെന്നും എഗ്രിമെന്റ് എഴുതി ഒപ്പിട്ടുതന്നിട്ടാണ് അന്നത്തെ മുഖ്യമന്ത്രി എ.കെ. ആന്റണി, ആ എഗ്രിമെന്റിലെ കാര്യങ്ങൾ നടപ്പിലാക്കാനായി സമരം ചെയ്തവർക്കെതിരെ എന്തിനാണ് സമരം ചെയ്യുന്നതെന്നുപോലും ചോദിക്കാതെ ആയിരക്കണക്കിന് പൊലീസിനെ വിന്യസിക്കുന്നതും വെടിവെപ്പുണ്ടാകുന്നതും. ഈ വെടിവെപ്പിനു നാലുദിവസംമുമ്പ് വയനാട്ടിൽ എല്ലാ പാർട്ടികളും ചേർന്ന് ഒരു ഹർത്താൽ നടത്തി. ഈ ആദിവാസികളെ അവിടെനിന്ന് ഇറക്കിവിടണമെന്ന് പറഞ്ഞായിരുന്നു ഹർത്താൽ. ഇങ്ങനെ ദളിതരുടെയും ആദിവാസികളുടെയും ന്യായമായ ആവശ്യങ്ങൾക്കുപോലും ചെവികൊടുക്കാത്തതാണ് പ്രബുദ്ധകേരളത്തിന്റെ രാഷ്ട്രീയ കേരളത്തിന്റെ പാരമ്പര്യം.

കഴിഞ്ഞ ഏഴരമാസമായി ഇങ്ങനെയൊരു സമരം നടക്കുന്നതായിപോലും പരിഗണിക്കപ്പെടുന്നില്ല. ഈ സമരവുമായി ബന്ധപ്പെട്ട് ചെങ്ങറയിൽ സമരംചെയ്യുന്ന ഭൂരഹിതർക്ക് ഭൂമി നല്കി സമരം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ട് ഐക്യദാർഢ്യ സമിതിപ്രവർകർ അവരുടെ ഒരു സംഘം കേരള മുഖ്യമന്ത്രിയെയും കേരളം ഭരിക്കുന്ന പ്രധാന പാർട്ടിയായ മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയെയും എൽ.ഡി.എഫ് കൺവീനറെയും കാണുകയുണ്ടായി. ആ സംഘത്തിലുണ്ടായിരുന്ന ഒരാളാണ് ഞാൻ. ഈ മൂന്നുപേരും ഒരേസ്വരത്തിൽ പറഞ്ഞ കാര്യം നിങ്ങൾ നടത്തുന്നത് സമരമല്ല കയ്യേറ്റമാണ് എന്നാണ്. കേരളത്തിലെ ഭൂമിയില്ലാത്ത

വർക്ക് ഭൂമി കൊടുക്കാൻ ഞങ്ങൾക്ക് പദ്ധതിയുണ്ട്, അത് ഞങ്ങൾ കൊടുക്കും. പക്ഷേ നിങ്ങളുടെ സമരത്തെ ഞങ്ങൾ അംഗീകരിക്കില്ലയെന്നാണ്. ഇത് വളരെ ഗൗരവമായ ഒരു കാര്യമാണ്. ഒരു ജനാധിപത്യ സമൂഹത്തിനകത്ത് കേരളത്തിലെ ദളിതരും ആദിവാസികളും ഒരു സോഷ്യൽ ഏജൻസി എന്ന നിലയിൽ, ഒരു സാമൂഹ്യ കർതൃത്വം എന്ന നിലയിൽ കേരള സർക്കാരുമായി ഒരു ഡയലോഗിനാണ് ശ്രമിക്കുന്നത്. ഞങ്ങളുടെ പ്രശ്നമിതാണ്. അത് നിങ്ങൾ പരിഹരിക്കണം എന്നാണ് പറയുന്നത്. എന്നാൽ സർക്കാർ ഞങ്ങളോട് പറയുന്ന കാര്യം നിങ്ങളെ ഒരു സോഷ്യൽ ഏജന്റായി ഞങ്ങൾ അംഗീകരിക്കുന്നില്ല. ഇതൊക്കെ ചെയ്യാൻ ഞങ്ങൾ ഇവിടെയുണ്ട് എന്നാണ്. അത് ഞങ്ങൾ ചെയ്തോളാം. മാത്രവുമല്ല ഇത് കയ്യേറ്റമാണെന്ന് സർക്കാർ പറയുന്നു.

കേരളത്തിൽ അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുന്നവരുടെ കരിമ്പട്ടിക തയ്യാറാക്കണമെന്നു പറഞ്ഞയാളാണ് ഇന്ന് കേരളം ഭരിക്കുന്നത്. ആ പട്ടിക തയ്യാറാക്കിയാൽ അതിലെ ഒന്നാമത്തെ പേരാണ് ഹാരിസൺ മലയാളം എന്നത്. ഹാരിസൺ കഴിഞ്ഞ 1994നുശേഷം ഒരുപൈസ പാട്ടംകൊടുക്കാത്ത ഭൂമിയാണ് ചെങ്ങറ എസ്റ്റേറ്റ് എന്നുപറയുന്നത് 94നുശേഷം പാട്ടം കൊടുക്കാത്തതുകൊണ്ട് ലീസ് എഗ്രിമെന്റ് നിലനില്ക്കുന്നില്ല. അത് റദ്ദായിപ്പോയി. പാട്ടം കൊടുക്കാൻ തയ്യാറായി ഭൂമി എടുത്താൽ ഞാൻ പാട്ടം കൊടുക്കണം. ഞാൻ സ്വമേധയാ പാട്ടം കൊടുത്തില്ലെങ്കിൽ പാട്ടക്കരാർ റദ്ദാകും. ഇങ്ങനെ പാട്ടക്കരാർകഴിഞ്ഞ ഒരു എസ്റ്റേറ്റിനുമേലാണ് ഹാരിസന്റെ വക്കീലന്മാർ കേസ് കൊടുത്തിരിക്കുന്നത്. ഇതിനെതിരെ വ്യക്തമായ തെളിവുവെച്ച് കേസ് വാദിച്ച് ഭൂമി ഹാരിസണിൽനിന്ന് തിരിച്ചുപിടിക്കേണ്ട സർക്കാർ സമരക്കാരോടാണ് പറയുന്നത് നിങ്ങളാണ് ഭൂമി കയ്യേറിയിരിക്കുന്നതെന്ന്. കോട്ടയംജില്ലയിലെ ചെറുവള്ളി എസ്റ്റേറ്റിൽ ഹാരിസൺ കൈവശം വച്ചിരുന്ന 3500 ഹെക്ടർ പാട്ടഭൂമി 126 കോടി രൂപയ്ക്ക് ഒരു സ്വകാര്യവ്യക്തിക്ക് – യോഹന്നാൻ എന്നു പറയുന്ന ഒരു പാതിരിക്ക് – വിറ്റു വില വാങ്ങി. അതുപൊലെ തൃശ്ശൂരിലെ എസ്റ്റേറ്റ് കീഴ്പാട്ടത്തിനു കൊടുക്കുകയാണ്. അങ്ങനെ 99ലക്ഷം രൂപ ഹാരിസൺ മേടിച്ചെടുത്തതായി സർക്കാർ നിയോഗിച്ച കമ്മീഷൻതന്നെയാണ് കണ്ടെത്തിയിട്ടുള്ളത്. അങ്ങനെ പാട്ടത്തിനെടുത്ത ഭൂമി മറിച്ചുവില്ക്കുക, ആ ഭൂമിയുടെ പാട്ടം കൊടുക്കാതിരിക്കുക, കീഴ്പാട്ടത്തിനു കൊടുക്കുക ഇങ്ങനെ നിരന്തരമായി നിയമലംഘനം നടത്തുന്ന ഹാരിസണോടല്ല ഗവണ്മെന്റിന്റെ വൈരുദ്ധ്യം എന്നു പറയുന്നത്; മറിച്ച് സമരക്കാരോടാണ്. നിങ്ങൾ ഭൂമി കയ്യേറിയിരിക്കുന്നു ഇത് അംഗീകരിക്കാൻ കഴിയില്ല എന്നൊരു സമീപനമാണ് സർക്കാർ പുലർത്തിയിരിക്കുന്നത്.

കഴിഞ്ഞ ദിവസം കേരളത്തിലെ പട്ടിക–ജാതി മന്ത്രി പറഞ്ഞത്, ഭൂമി കയ്യേറിയുള്ള സമരമൊന്നും ചെയ്യരുതെന്നാണ്. ശരിക്കും പാതിരിമാർ സംസാരിക്കുന്നതുപോലെയാണ് കമ്മ്യൂണിസ്റ്റായ ബാലൻ വർത്തമാനം പറയുന്നത്. ഇവരൊക്കെ ഭരിക്കുന്നിടത്തോളം കേരളം രക്ഷപ്പെടില്ലെന്ന് ഉറപ്പാണ്. ഇവരൊക്കെ അറിയേണ്ട ഒരു കാര്യം, ഇന്ത്യതന്നെ ഉണ്ടായത് വലിയൊരു നിയമലംഘനത്തിന്റെ അകത്താണെന്നാണ്. അത് അങ്ങനെയേ നടക്കൂ. അത് ചരിത്രമാണ്. അതുകൊണ്ട് ഞങ്ങൾ നിയമം ലംഘിക്കുന്നില്ല എന്നൊന്നും പറയുന്നില്ല. ഞങ്ങൾ സർക്കാരിന്റെ കാലുപിടിക്കാനൊന്നും പോകുന്നുമില്ല. ഞങ്ങൾ നിയമം ലംഘിച്ചിട്ടുണ്ട്. ഞങ്ങൾ നിയമം ലംഘിക്കുന്നവരാണ്. ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾക്കായുള്ള ജനാധിപത്യപരമായ നിയമലംഘനമാണ്. ബാലൻ പറയുന്നത് അത് ചെയ്യരുതെന്നാണ്. കേരളത്തിലെ ഓരോ ജനവിഭാഗവും അവരുടെ അവകാശങ്ങൾക്കായി നടത്തിയിട്ടുള്ള നിരന്തരമായ നിയമലംഘനങ്ങളുടെ ചരിത്രത്തിനകത്തുനിന്നുവന്ന ഒരു പ്രസ്ഥാനത്തിനെ പ്രതിനിധീകരിക്കുന്ന മന്ത്രിയാണിത് പറയുന്നതെന്നോർക്കണം. അപ്പോൾ ഫലത്തിൽ, ഇവരീ പറഞ്ഞുവരുന്നത് നിയമം ഞങ്ങൾ ലംഘിച്ചോളാം എന്നാണ്. കേരളത്തിലെ സംഘടിതരായ സമുദായങ്ങളും പ്രസ്ഥാനങ്ങളും നിയമം ലംഘിച്ചോളാം. ഈ ദളിതരും ആദിവാസികളും ഒന്നും നിയമം ലംഘിക്കാനൊന്നും ആയിട്ടില്ലെന്നാണ്.നിയമം ലംഘിക്കാൻ യോഗ്യതയുള്ള പൗരന്മാരല്ല നിങ്ങൾ എന്നാണ് ബാലൻ നമ്മളെ ഓർമ്മിപ്പിക്കുന്നത്. ആഭ്യന്തരമന്ത്രി പറഞ്ഞത് ഭൂമിക്കുവേണ്ടി ദാഹിക്കുന്നവരുടെ സമരമല്ല ചെങ്ങറയിൽ നടക്കുന്നതെന്നാണ്. നമ്മൾക്കത് മനസ്സിലായിട്ടില്ല. സർക്കാരിന്റെ ഇതുവരെയുള്ള നയസമീപനങ്ങളിൽനിന്ന് ഹാരസണെപ്പോലുള്ളവരാണ് ഭൂമിക്കുവേണ്ടി ദാഹിക്കുന്നവരായി മന്ത്രി മനസ്സിലാക്കിയിട്ടുള്ളത്.

സമരം ചെയ്യുന്നതുമുഴുവൻ ഭൂമിയുള്ളവരാണെന്നാണ് രണ്ടാമത്തെ പ്രഖ്യാപനം. ഇതൊരു ഗൂഢാലോചനയുടെ ഭാഗമാണ്. ഭൂമിയുള്ളവർക്ക് ഭൂമികൊടുക്കണം എന്നുപറഞ്ഞ് കേരളത്തിൽ ഒരിടത്തും സമരം നടക്കുന്നില്ല. ചെങ്ങറയിലോ ആറളത്തോ ആലക്കോട്ടോ സമരം നടക്കുന്നില്ല. ഭൂമിയില്ലാത്തവർക്ക് ഭൂമി നല്കണമെന്നുതന്നെയാണ് സമരം ആവശ്യപ്പെടുന്നത്. സമരം ചെയ്യുന്നവരിൽ ഭൂമിയുള്ളവരുണ്ടെങ്കിൽ അവരെ കണ്ടുപിടിച്ച് ഒഴിവാക്കണം എന്നുതന്നെയാണ് സമരസമിതിയും ആവശ്യപ്പെടുന്നത്. ഇത് പരിശോധിച്ച് ഭൂമിയുള്ളവരെ ഒഴിവാക്കി ഇല്ലാത്തവർക്ക് ഭൂമി കൊടുക്കേണ്ട സർക്കാർതന്നെയാണ് ഇതൊന്നും ചെയ്യാതെ അപവാദപ്രചരണത്തിന് മുതിരുന്നത്. ളാഹ ഗോപാലന് ഭൂമിയുണ്ടെന്നാണ് ഇവർ പറയുന്നത്. സാധുജനവിമോചന സംയുക്ത സമിതി സംസ്ഥാന പ്രസിഡന്റ് ളാഹ ഗോപാലൻ തന്റെ വീട്ടിലെ കാര്യമല്ല മുഖ്യമന്ത്രിയോട് ചെന്നു പറയുന്നത്. പതിനായിരക്കണക്കിന് പറ കണ്ടമുള്ള ഇ.എം.എസ്സിന് ഭൂരഹിതർക്കുവേണ്ടി സംസാരിക്കാമെന്നു പറയുന്നവർ ഒന്നര ഏക്കർ ഭൂമിയുള്ള ളാഹ ഗോപാലൻ മിണ്ടിക്കൂടാ എന്നു പറയുന്നതാണ് ദളിത് പ്രശ്നമെന്ന് ഞാൻ പറയും. നിങ്ങൾക്കറിയാമോ മുത്തങ്ങയിൽ വെടിവെപ്പുണ്ടായ ദിവസം രാത്രി ജാനുവിനെയും ഗീതാനന്ദനെയും കാണാതായി. ഗീതാനന്ദൻ കൊല്ലപ്പെട്ടുവെന്ന വാർത്ത പരന്നതിനെത്തുടർന്ന് ഗീതാനന്ദന്റെ വീടന്വേഷിച്ചുപോയ പത്രക്കാർ കണ്ണൂരിനടുത്ത് തയ്യിലിൽ പ്രദേശത്ത് ഒരു രണ്ടുനില വീട്ടിലാണെത്തിയത്. അത് ഗീതാനന്ദന്റെ വീടല്ലെന്ന് പറഞ്ഞവർ തിരിച്ചുപോന്നു. ആദിവാസികൾക്ക് ഭൂമിക്കുവേണ്ടി സമരംചെയ്യുന്ന ഗീതാനന്ദൻ താമസിക്കുന്നത് ചെറ്റക്കുടിലിലായിരിക്കും എന്ന ബോധത്തെയാണ് ഞാൻ ദളിത് പ്രശ്നം എന്നു പറയുന്നത്. ഈ ബോധമൊക്കെ മാറ്റിവയ്ക്കാതെ കേരളത്തിലെ രാഷ്ട്രീയപ്രശ്നങ്ങൾ ചർച്ചചെയ്യാൻ നമുക്കിനി കഴിയില്ല. ളാഹ ഗോപാലൻ പ്രതിനിധീകരിക്കുന്നത് സാധുജനവിമോചന സംയുക്ത വേദിയെയും കേര

ളത്തിലെ മുഴുവൻ ഭൂരഹിതർക്കും ഭൂമി ലഭ്യമാക്കണമെന്ന അതിന്റെ ഡിമാൻഡിനെയുമാണ്. അല്ലാതെ എനിക്ക് ഭൂമിയില്ല, എനിക്ക് ഭൂമി തരണമെന്നല്ല ളാഹ ഗോപാലൻ പറയുന്നത്. ഇത് മുഖ്യമന്ത്രി മനസ്സിലാക്കണം. കേവലമായ ഒരു ജീവിതാവശ്യമല്ല അയാൾ പറയുന്നത്. മറിച്ച് അയാൾ പറയുന്നത് രാഷ്ട്രീയമാണ്. ഇത് അംഗീകരിക്കില്ല എന്നാണ് മുഖ്യമന്ത്രി പറയുന്നതിനർത്ഥം.

ഏറ്റവും അവസാനം ഗവണ്മെന്റ് പറയുന്നത് ആദിവാസിക്കേ ഭൂമി കൊടുക്കുള്ളുവെന്നാണ്. ഏറ്റവും വിചിത്രമായ ഒരു ഡിഫൻസാണത്. 2001ൽ 48ദിവസം ആദിവാസികൾ ഇവിടെ ഈ നഗരത്തിൽ അന്തിയുറങ്ങിയപ്പോൾ ഈ രാഷ്ട്രീയക്കാരൊക്കെ പറഞ്ഞത് ആദിവാസിക്ക് ഭൂമി തരില്ലെന്നാണ്. ആറുവർഷം കഴിഞ്ഞ് ഭൂമിയില്ലാത്തവർ – ദളിതരും ദളിത് ക്രൈസ്തവരും മുസ്ലീങ്ങളും എല്ലാവരുംകൂടെ – സമരം ചെയ്തപ്പോൾ ഇവർ പറയുന്നു ആദിവാസിക്കേ ഭൂമി നല്കൂ എന്ന്. ആദിവാസിക്കേ ഭൂമി ആവശ്യമുള്ളു എന്നാണ്. ഇത് വളരെ ആസൂത്രിതമാണ്. ആദിവാസികളല്ലാത്ത മറ്റാർക്കെങ്കിലും കേരളത്തിൽ ഭൂമിയില്ലാത്തവരായി ഉണ്ടെന്ന് അംഗീകരിക്കാൻ തയ്യാറല്ലെന്നാണ് സർക്കാർ പറയുന്നത്. കേരളത്തിലെ ലക്ഷംവീട്, ഹരിജൻ കോളനി, റോഡ് തോട് പുറമ്പോക്കിൽ താമസിക്കുന്നവർക്ക് ഭൂമിയില്ലെന്ന് സമ്മതിക്കില്ലെന്നാണ് പറയുന്നത്. ഈ പടിഞ്ഞാറൻ മേഖലയിൽ ഒന്നും ഒന്നരയും സെന്റിൽ വീടുവക്കാനിടമില്ലാതെ നരകയാതന അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയില്ലെന്നു പറഞ്ഞാൽ ഞങ്ങൾ അംഗീകരിക്കില്ലെന്നാണ് ഇവർ പറയുന്നത്. ഭൂമിയില്ലാത്ത ഈ പുതിയ വിഭാഗങ്ങളെ അംഗീകരിക്കാതെ ആദിവാസികൾക്കുമാത്രം എവിടെയെങ്കിലും ഭൂമികൊടുത്ത് ചെങ്ങറ സമരത്തെ ഒറ്റുകൊടുക്കാനും അടിച്ചുതകർക്കാനുമാണ് ഗവണ്മെന്റ് ശ്രമിക്കുന്നത്. എന്നാൽ ഇന്നല്ലെങ്കിൽ നാളെ ഭൂരഹിതരുടെ പുതിയ വിഭാഗത്തെ സർക്കാരിന് അംഗീകരിക്കേണ്ടിവരും.

നൂറുകണക്കിന് സ്ത്രീകളും കുഞ്ഞുങ്ങളുമാണ് കഴിഞ്ഞയാഴ്ച അവിടെ മണ്ണെണ്ണ കന്നാസുമായി ആത്മാഹൂതിക്കൊരുങ്ങിയത്. ഞങ്ങൾ ഒരിക്കലും ആത്മാഹൂതിയെ അനുകൂലിക്കുന്നില്ല. ഒരു ജീവൻപോലും പൊലിയാതെ കേരളത്തിൽ ഭൂമിയില്ലാത്തവർക്ക് ഭൂമി കിട്ടണമെന്നാണ് നമ്മുടെ ആവശ്യം. എന്നാൽ ഏഴരമാസം സമരംചെയ്തിട്ട് ചോദിക്കാനും പറയാനും ആരുമില്ലാത്ത കേരളത്തിൽ പൊലീസങ്ങോട്ട് അതിക്രമിച്ചു കടക്കുമ്പോൾ പിന്നെ ഈ ജനങ്ങൾക്ക് അതിജീവിക്കാൻ വേറെ വഴിയൊന്നുമില്ല. ഞാൻ എന്റെ ജീവിതം സമർപ്പിക്കുന്നു എന്നു പറയാനല്ലാതെ വേറെ വഴിയൊന്നുമില്ല. നമ്മൾ അറിയേണ്ടത് അവിടെ ഒരാൾ ആത്മാഹൂതിക്ക് ശ്രമിച്ചാൽ നൂറുകണക്കിന് മരണങ്ങൾക്ക് നമ്മൾ സാക്ഷ്യം വഹിക്കേണ്ടിവരും. അവിടം നേരിട്ടറിയാവുന്ന അവിടുത്തെ ജനങ്ങൾ കഴിഞ്ഞ കുറെ മാസങ്ങളായി അനുഭവിച്ചുവരുന്ന സാമൂഹ്യമായ ടെൻഷൻ അറിയാവുന്ന ഒരാളെന്ന നിലയിലാണിത് പറയുന്നത്

കേരളംപോലൊരു പ്രദേശത്ത് ഭൂമിക്കുവേണ്ടി സമരംചെയ്തവർ ആത്മാഹൂതി ചെയ്യുന്ന വാർത്ത പുറത്തുവന്നാൽ ചരിത്രത്തിലെ ദുരന്തമാവുമത്. അതുകൊണ്ട് ചെങ്ങറയിൽ അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതെതന്നെ ഭൂപ്രശ്നം പരിഹരിക്കാനുള്ള സമ്മർദ്ദം പൊതുസമൂഹത്തിൽ ഉണ്ടാവേണ്ടതാണ്. ഒരു ജീവൻപോലും പൊഴിയാതെ ഒരു അനിഷ്ട സംഭവവും ഉണ്ടാകാതെ ഭൂരഹിതർക്ക് കൃഷിയോഗ്യമായ ഭൂമി നല്കി ഈ പ്രശ്നം പരിഹരിക്കുന്ന ജനാധിപത്യ സമീപനത്തിലേക്ക് സർക്കാരിനെ നിർബന്ധിതമാക്കുന്ന സമ്മർദ്ദം കേരളത്തിൽ ഇന്ന് ഉണ്ടാകേണ്ടതുണ്ട്. എന്നാൽമാത്രമേ സമരം വിജയിക്കുന്നത് കാണാൻ കഴിയുകയുള്ളു. എന്നാൽ ഇന്ന് കേരളത്തിൽ അത്തരമൊരു സമ്മർദ്ദവും ഇല്ല. മൂലമ്പള്ളിപോലൊരു അതിഭീകര സംഭവം നടന്നിട്ട് കേരളം കാര്യമായി പ്രതികരിച്ചില്ല. ചെങ്ങറയിൽ നൂറുകണക്കിനാളുകൾ ആത്മാഹൂതിക്കൊരുങ്ങിയിട്ടും കേരളം കണ്ടെന്നു നടിക്കുന്നില്ല.

ഈ കേരളത്തെക്കുറിച്ച് നമ്മൾ അത്ര അഭിമാനിക്കേണ്ട കാര്യമില്ല. കേരളത്തെ ഒന്നാകെ അഴിച്ചുപണിയുന്ന – ദളിതരായാലും ആദിവാസികളായാലും സാമൂഹികമായി പിൻതള്ളപ്പെട്ട വിഭാഗങ്ങളുടെ സാമൂഹ്യകർതൃത്വം അംഗീകരിക്കുന്ന – ഒരു പുതിയ കേരളത്തിനുള്ള പോരാട്ടമായി നമ്മൾ ഇതിനെ കാണണം. നമ്മുടെ പൗരബോധത്തെത്തന്നെ അഴിച്ചുപണിയേണ്ടിയിരിക്കുന്നു. എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളുന്ന ഒരു ഭൂപ്രദേശമായി, സാംസ്കാരികപ്രദേശമായി കേരളത്തെ മാറ്റിയെടുക്കുന്ന വലിയ ഒരു പണികൂടി ഇതിനൊപ്പം നടക്കുന്നുണ്ട്. ചെങ്ങറയിൽ താമസിക്കുന്ന ആളുകൾക്ക് കിട്ടുന്ന ഭൂമിയുടെ അളവിനപ്പുറം പോകുന്ന, കേരളത്തിലെ ചരിത്രത്തെയും സാംസ്കാരികബോധത്തെയും മാറ്റിമറിക്കുന്ന വലിയൊരു ദൗത്യം ചെങ്ങറയിൽ ഏറ്റെടുക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. ഇതറിഞ്ഞുകൊണ്ടുള്ള ഒരു ഐക്യദാർഢ്യപ്രവർത്തനത്തിലേക്കാണ് നാം വരേണ്ടത്. അത്തരത്തിലുള്ള ബഹുവിധമായ പ്രവർത്തനങ്ങൾക്ക് എന്ത് സാദ്ധ്യതയാണുള്ളതെന്ന് ആലോചിക്കുകയും വ്യക്തികളെന്ന നിലയിലും സംഘടനകളെന്ന നിലയിലും ആ പ്രവർത്തനം ഏറ്റെടുക്കുകയും ചെയ്യണമെന്നുപറഞ്ഞ് ഞാൻ നിർത്തുന്നു.

2008മാർച്ച് 7ന് തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിനു മുന്നിൽ ചെങ്ങറ ഭൂസമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് നടന്ന രാത്രിസമരവേദിയിൽ സണ്ണി കപിക്കാട് സംസാരിച്ചത്.